**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **12-02-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം കേന്ദ്ര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം കേന്ദ്രത്തിൽ ഇറിഗേഷൻ വിഭാഗം മുഖേന നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികൾക്കായി, ഡി.റ്റി.പി.സി. യ്ക്ക് നൽകിയ ഡി.പി.ആർ. അംഗീകരിച്ചു നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര ഈരാറ്റിൻപുറം റോക്ക് പാർക്ക് ടൂറിസം കേന്ദ്രത്തിലെ വികസന പദ്ധതിക്കായി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കായി തിരുവനന്തപുരം ഡി.ടി.പി.സി നൽകിയിരുന്ന വിശദമായ പദ്ധതി രൂപ രേഖ അംഗീകരിച്ച് "Development of Rock park at Irattinpuram, Neyyattinkara” എന്ന പദ്ധതിയ്ക്കായി, 15/03/2017 ലെ (സാധാ)നം. 125/2017/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ₹ 2,66,19,369/- രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചു 2021 ഫെബ്രുവരി 21 ൽ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട് പൂർത്തീകരിച്ചിട്ടുള്ള ഘടകങ്ങൾ തിരുവനന്തപുരം ഡി.ടി.പി.സി മുഖേന പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ അഡ്വഞ്ചർ ആക്ടിവിറ്റികൾ നടപ്പാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു. |
| (ബി) | ഇറിഗേഷൻ വിഭാഗം എത്ര തുകയുടെ ഡി.പി.ആർ. ആണ് നൽകിയതെന്നും 2024-ൽ ഏതു മാസത്തിൽ ആണ് പ്രസ്തുത ഡി.പി.ആർ. നൽകിയത് എന്നും വ്യക്തമാക്കാമോ? | (ബി) | 2024-ൽ ഇറിഗേഷൻ വകുപ്പിൽ നിന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ